<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 680</u> <u>28.02.2018-ന് മറുപടിയ്ക്ക്</u>

<u>വനഭൂമി കയ്യേറ്റം</u>

<u>ചോദ്യം</u> <u>മറുപടി</u>

ശ്രീ. പാറക്കൽ അബ്ദുല്ല

അഡ്വ.കെ.രാജു.
(ബഹു. വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 1971-ന് ശേഷമുള്ള വനഭൂമി കയ്യേറ്റം ഒഴിപ്പിച്ച് വനഭൂമി തിരിച്ചു പിടിക്കണമെന്ന ഹൈക്കോടതി വിധി സർക്കാർ പരിശോധിക്കുകയുണ്ടായോ; | (എ) | പരിശോധിക്കുകയുണ്ടായി. വിധിപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | എന്നാണ് ഈ വിധി ഹൈക്കോടതി പുറപ്പെടുവിച്ചത്; വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ് ; | (ബി) | 04.09.2015 നാണ് ഈ വിധി ഹൈക്കോടതി പുറപ്പെടുവിച്ചത്. വിധിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. കോടതി ഉത്തരവ് അനുസരിച്ച് 20.01.2016 തീയതിയിലെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 6-ാമത് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് വയ്ക്കുകയും, യോഗ തീരുമാനപ്രകാരം ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.<br>2. ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകി.<br>3. ഏതാനും സ്ഥലങ്ങളിൽ വനം കൈയ്യേറ്റക്കാർക്ക് വനം വകുപ്പ് നേരിട്ട് നോട്ടീസ് നൽകിയിട്ടുണ്ട്.<br>4. 04.09.2015 ലെ ബഹു. ഹൈക്കോടതിവിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഒഴിപ്പിക്കൽ നടപടിക്ക് കൂടുതൽ സമയം ആവശ്യപ്പെട്ട് സർക്കാർ ഹൈക്കോടതിയെ സമീപിക്കുന്നുണ്ടോ; | (സി) | 04.09.2015 ലെ ബഹു. ഹൈക്കോടതിവിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല. |
| (ഡി) | എങ്കിൽ ഇത് ഒഴിപ്പിക്കൽ നടപടി അനന്തമായി നീളുന്നതിന് കാരണമാകുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഒഴിപ്പിക്കൽ നടപടി അനന്തമായി നീളാതിരിക്കുന്നതിന് സർക്കാരും വനം വകുപ്പും കോടതിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**